നവകേരളം കർമപദ്ധതി

നവകേരളം വാർത്ത

2026 മാർച്ച് വാല്യം 1

ന്യൂസ്‌ലെറ്റർ

ഓൺലൈൻ

62

# ഹരിതകേരളം മിഷൻ രാജ്യത്തിന് മാതൃക : മുഖ്യമന്ത്രി



കേരളം മുന്നോട്ട് വയ്ക്കുന്ന സുസ്ഥിര വികസന നേട്ടങ്ങൾ രാജ്യത്തിനാകെ മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പരിസ്ഥിതിയെ മുൻനിർത്തിയുള്ള വികസന പദ്ധതികൾക്കാണ് സംസ്ഥാനം എപ്പോഴും ശ്രദ്ധ നൽകുന്നത്. ഹരിതകേരളം ദേശീയ പരിസ്ഥിതി സമ്മേളനം തിരുവനന്തപുരം ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

വികസനത്തിന്റെ ഗുണഫലങ്ങൾ എല്ലാവരിലേക്കും എത്തിക്കുന്നതിനൊപ്പം ഭാവിതലമുറയ്ക്കായി പ്രകൃതിയെയും പ്രകൃതിസമ്പത്തിനെയും കാത്തുസൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2016-ൽ ഹരിതകേരളം മിഷൻ രൂപീകരിച്ചത്. 'വെള്ളം, വൃത്തി, വിളവ്' എന്ന മുദ്രാവാക്യവുമായി പ്രവർത്തിക്കുന്ന ഈ മിഷനിലൂടെ സംസ്ഥാനത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. പരിസ്ഥിതി സംരക്ഷണത്തിനായി ഇത്രയും വിപുലമായ സംവിധാനമുള്ള രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കാലഘട്ടം നേരിടുന്ന പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കൂട്ടായ ചർച്ചകളിലൂടെ പരിഹാരം കണ്ടെത്തുക എന്നതാണ് ഹരിതകേരളം മിഷൻ ദേശീയ സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം. കാലാവസ്ഥാ വ്യതിയാനം, ജൈവ വൈവിധ്യ ശോഷണം, ജല-വായു മലിനീകരണം തുടങ്ങിയ വെല്ലുവിളികളെ നേരിടാൻ വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ ഈ വേദിയിൽ ചർച്ചകൾ നടത്തും. പരിസ്ഥിതിക്ക് ആഘാതം ഏൽപ്പിച്ചതിന്റെ ഫലമായി ആഗോളതാപനം വർധിക്കുകയും അതിന്റെ ദൂഷ്യവശങ്ങൾ നമ്മൾ അനുഭവിക്കുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ സീറോ എമിഷൻ കാർബൺ എന്ന ലക്ഷ്യത്തിലേക്ക് നാടിനെ എത്തിക്കാനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഇവിടെ നടക്കുന്ന ചർച്ചകളിൽ ഉയർന്നു വരണം.

മാലിന്യ സംസ്കരണ മേഖലയിൽ സംസ്ഥാനം വലിയ മുന്നേറ്റമാണ് നടത്തിയത്. ജനങ്ങൾ സ്വയം മുന്നോട്ടുവന്നതോടെ ഇല്ലാതായിക്കൊണ്ടിരുന്ന പല നദികളും വീണ്ടെടുക്കാൻ കഴിഞ്ഞു. തദ്ദേശ സ്ഥാപനങ്ങളുടെയും ജനങ്ങളുടെയും മികച്ച സഹകരണത്തോടെയാണ് 'പച്ചത്തുരുത്ത്' പോലുള്ള വലിയ പദ്ധതികൾ നടപ്പിലാക്കിയത്. പരിസ്ഥിതി സംരക്ഷണത്തിനായി ഇനിയും ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ടെന്നും, അതിനായി സർക്കാരിന് ഇടപെടാൻ കഴിയുന്ന ഗൗരവമായ നിർദ്ദേശങ്ങൾ സെമിനാറിൽ നിന്ന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

നെറ്റ് സീറോ പദവി നേടിയ സ്ഥാപനങ്ങൾക്കുള്ള പുരസ്കാര വിതരണം മുഖ്യമന്ത്രി നിർവഹിച്ചു. ഹരിത കേരള മിഷൻ പ്രസിദ്ധീകരിച്ച 'പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ കേരള മാതൃക' എന്ന പുസ്തകം മുഖ്യമന്ത്രി സംസ്ഥാന പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് സെക്രട്ടറി ഡോ. വീണാ എൻ. മാധവന് നൽകി പ്രകാശനം ചെയ്തു. എ.എ. റഹീം എം.പി അധ്യക്ഷനായി. ഹരിതകേരളം മിഷൻ ജില്ലാ മിഷനുകൾ തയ്യാറാക്കിയ 14 പുസ്തകങ്ങൾ എ.എ. റഹീം എം.പി. പ്രകാശനം ചെയ്തു.

കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി രുചിക ദ്രാൽ, കില ഡയറക്ടർ ജനറൽ എ നിസാമുദ്ദീൻ, പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ഡയറക്ടർ മുഹമ്മദ് ഷഫീഖ്, ദേശീയ തലത്തിൽ ശ്രദ്ധേയരായ പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു. ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ സ്വാഗതം ആശംസിച്ചു.



ഹരിതകേരളം മിഷൻ ദേശീയ പരിസ്ഥിതി സമ്മേളനത്തിൽ ക്ഷണിക്കപ്പെട്ട അതിഥിയായെത്തിയ കോഴിക്കോട് വേങ്ങേരി സ്വദേശിയായ യുവ പരിസ്ഥിതി പ്രവർത്തക കുമാരി ദേവിക കെ.പി. മുഖ്യമന്ത്രിക്കൊപ്പം

## എഡിറ്റോറിയൽ

### നവകേരള മാതൃക : പരിസ്ഥിതി പുനഃസ്ഥാപനത്തിലൂടെ സുസ്ഥിര ഭാവിയിലേക്ക്



കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും ലോകത്തിന് മുന്നിൽ വലിയ വെല്ലുവിളികൾ ഉയർത്തുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഈ പ്രതിസന്ധികളെ കേവലം ചർച്ചകൾക്കപ്പുറം കർമപദ്ധതികളിലൂടെ നേരിടാൻ കേരളം കാണിക്കുന്ന ആർജ്ജവം രാജ്യത്തിനാകെ മാതൃകയാണ്. തിരുവനന്തപുരത്ത് നടന്ന ഹരിത കേരളം ദേശീയ പരിസ്ഥിതി സമ്മേളനം അടിവരയിടുന്നത് ഈയൊരു വസ്തുതയെയാണ്. പരിസ്ഥിതി സംരക്ഷണത്തിനായി ഹരിത കേരളം മിഷൻ പോലെ സുശക്തമായ ഒരു സംവിധാനമുള്ള രാജ്യത്തെ ഏക സംസ്ഥാനം കേരളമാണെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ വാക്കുകൾ നമ്മുടെ ഉത്തരവാദിത്തത്തെയും നേട്ടങ്ങളെയും ഒരേപോലെ ഓർമ്മിപ്പിക്കുന്നു.

'വെള്ളം, വൃത്തി, വിളവ്' എന്ന മുദ്രാവാക്യവുമായി 2016-ൽ ആരംഭിച്ച ഹരിത കേരളം മിഷൻ ഇന്ന് കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ വലിയ മാറ്റങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്. ജനപങ്കാളിത്തത്തോടെ നദികൾ പുനരുജ്ജീവിപ്പിച്ചതും, 'പച്ചത്തുരുത്ത്' പോലുള്ള പദ്ധതികളിലൂടെ ഹരിതാഭ വീണ്ടെടുത്തതും തദ്ദേശ സ്ഥാപന തലത്തിൽ ജല ബജറ്റ് തയ്യാറാക്കിയതും ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടുകഴിഞ്ഞു. കഴിഞ്ഞ പത്തുവർഷത്തെ നമ്മുടെ പ്രവർത്തനങ്ങളുടെ വിജയഗാഥ 'പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ കേരള മാതൃക' എന്ന പുസ്തകത്തിലൂടെ ലോകത്തിന് മുന്നിൽ സമർപ്പിക്കപ്പെട്ടത് അഭിമാനകരമാണ്.

മൂന്നുദിവസങ്ങളിലായി നടന്ന ദേശീയ പരിസ്ഥിതി സമ്മേളനം കേവലമൊരു ഒത്തുചേരലായിരുന്നില്ല. മറിച്ച്, വരും തലമുറയ്ക്കായുള്ള കരുതലായിരുന്നു. ലിസിപ്രിയ കാങ്ങുജം, രിധിമ പാണ്ഡേ, പ്രസിദ്ധി സിംഗ് , ദേവിക കെ. പി. തുടങ്ങിയ യുവ പരിസ്ഥിതി പ്രവർത്തകരുടെ സാന്നിധ്യം വരുംകാലം ആഗ്രഹിക്കുന്ന മാറ്റത്തിന്റെ സൂചനയായിരുന്നു. മീനച്ചിലാർ - മീനന്തറയാർ - കൊടൂരാർ പുനരുജ്ജീവനവും കാട്ടാക്കടയിലെ ജലസമൃദ്ധി പദ്ധതിയും കണ്ണൂർ കാനാമ്പുഴ വീണ്ടെടുത്തതും, സുസ്ഥിര തൃത്താലയും നമുക്ക് മുന്നിലുള്ള വിജയകരമായ പ്രാദേശിക പാഠങ്ങളാണ്. ഇത്തരം അനുഭവങ്ങളെയും, സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളെയും നിർദ്ദേശങ്ങളെയും ഉൾപ്പെടുത്തി തയ്യാറാക്കിയ 'പാരിസ്ഥിതിക നയരേഖ' വരുംകാല വികസന പദ്ധതികൾക്ക് വഴികാട്ടിയാകും.

നെറ്റ് സീറോ കാർബൺ കേരളം എന്ന ലക്ഷ്യത്തിലേക്ക് നാം മുന്നേറുകയാണ്. കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ നൽകുന്ന മുൻഗണന ശ്ലാഘനീയമാണ്. വികസനവും പരിസ്ഥിതി സംരക്ഷണവും പരസ്പര വിരുദ്ധമല്ലെന്നും അവ കൈകോർത്തു പോകേണ്ടതാണെന്നും നവകേരള മാതൃക തെളിയിക്കുന്നു.

പ്രകൃതിയെയും പ്രകൃതിസമ്പത്തിനെയും കാത്തുസൂക്ഷിച്ചുകൊണ്ട് മാത്രമേ സുസ്ഥിരമായ വികസനം സാധ്യമാകൂ. ഈ ബോധ്യം ഓരോ പൗരനിലും എത്തിക്കാനും, ക്രിയാത്മകമായ പരിസ്ഥിതി പ്രവർത്തനങ്ങളിൽ എല്ലാവരെയും പങ്കാളികളാക്കാനും നമുക്ക് സാധിക്കണം. ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കരുത്തോടെ മുന്നോട്ട് കൊണ്ടുപോകാൻ ഈ സമ്മേളനത്തിലെ ചർച്ചകൾ ഊർജ്ജം പകരുമെന്ന് ഉറപ്പാണ്.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

## ലൈഫ് പദ്ധതി : 5 ലക്ഷം വീടുകൾ പൂർത്തിയാക്കി

പാവപ്പെട്ട അഞ്ച് ലക്ഷം പേർക്ക് വീട് നൽകിയത് കേരളത്തിന് അഭിമാനം പകരുന്ന കാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സ്വന്തം വീട്ടിൽ കിടന്നുറങ്ങാൻ കഴിയുന്നു എന്ന ആത്മാഭിമാനം ഈ അഞ്ച് ലക്ഷം കുടുംബങ്ങളുടെ മനസിലുണ്ടായി. അഞ്ച് ലക്ഷം കുടുംബം എന്ന് കണക്കാക്കുമ്പോൾ 20 ലക്ഷമോ






40 ലക്ഷമോ വ്യക്തികളാണ് ലൈഫിന്റെ ഭാഗമായതെന്ന് മുഖ്യമന്ത്രി പറഞ്ഞു. അഞ്ച് ലക്ഷം ലൈഫ് വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ലൈഫ് പദ്ധതി പോലെ മാതൃകാപരമായ മറ്റൊരു പദ്ധതി രാജ്യത്ത് എവിടേയുമില്ല. ഏതെങ്കിലും സംസ്ഥാനം അഞ്ച് ലക്ഷം വീടുകൾ ജനങ്ങൾക്കായി ഇത്തരത്തിൽ പൂർത്തിയാക്കിയെന്ന് പറയാനാവില്ല. വീട് ആഗ്രഹിക്കുന്ന പാവങ്ങൾ ഇനിയുമുണ്ട്. അവർക്കുള്ള വീട് നിർമാണം എങ്ങനെ പൂർത്തീകരിക്കാമെന്നാണ് സർക്കാർ ചിന്തിക്കുന്നത്.

നാടാകെ പദ്ധതിയുമായി സഹരിക്കാൻ തയ്യാറായി എന്നതാണ് ലൈഫ് പദ്ധതിയുടെ പ്രധാന നേട്ടം. ജാതി, മതം, രാഷ്ട്രീയം തുടങ്ങിയവയൊന്നും ലൈഫിൽ വീട് നൽകുന്നതിന് പരിഗണനാ വിഷയമായില്ല. ജനാധിപത്യപരമായാണ് അർഹരെ കണ്ടെത്തിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീട് നിർമാണത്തിന് നേതൃത്വപരമായ പങ്ക് വഹിച്ചു. ചിലയിടങ്ങളിൽ ജനം മുന്നോട്ടു വന്ന് സഹായിച്ചു. 2016ൽ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലഭിച്ച നിരവധി നിവേദനങ്ങളിലെ ആവശ്യം വീട് വേണം എന്നായിരുന്നു. തുടർന്നാണ് വീട് നൽകാനുള്ള ലൈഫ് പദ്ധതി ആവിഷ്കരിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

അമ്പൂരി സജിത ഭവനിൽ സജിതകുമാരി, വെള്ളനാട് സലീന മൻസിലിൽ മുംതാസ് എന്നിവർക്ക് മുഖ്യമന്ത്രി വീടിന്റെ മാതൃകയും താക്കോലും കൈമാറി. ലൈഫ് മിഷനിലേക്ക് സ്ഥലവും വീട് നിർമാണത്തിന് മറ്റു സഹായങ്ങളും നൽകിയവരെ ചടങ്ങിൽ ആദരിച്ചു. മനസ്സോടിത്തിരി മണ്ണ് പദ്ധതിയിൽ 2.61 ഏക്കർ ഭൂമി സൗജന്യമായി നൽകിയ സുകുമാരൻ വൈദ്യരുടെ കുടുംബാംഗങ്ങൾ, ലൈഫ് പദ്ധതിക്ക് പിന്തുണ നൽകിയ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ, ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 318 എ, ഹഡ്കോ, കെ. യു. ആർ. ഡി. എഫ്. സി, ഐ. കെ. എം എന്നിവയുടെ പ്രതിനിധികൾ ആദരവ് ഏറ്റുവാങ്ങി.

കേരളത്തെക്കുറിച്ച് വ്യാജ കഥകൾ പ്രചരിപ്പിക്കുന്നവർക്കു മുന്നിൽ ഇതാണ് ശരിയായ കേരള സ്റ്റോറിയെന്ന് ലൈഫ് പദ്ധതിയിലൂടെ

വ്യക്തമാക്കാൻ കഴിഞ്ഞതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച തദ്ദേശവകുപ്പ് മന്ത്രി എം. ബി. രാജേഷ് പറഞ്ഞു. ജനങ്ങളിൽ നിന്ന് ലൈഫിലേക്ക് ലഭിച്ച 35 ഏക്കർ ഭൂമിയിൽ 24 ഏക്കറിന്റെ രജിസ്ട്രേഷൻ പൂർത്തിയായതായി മന്ത്രി പറഞ്ഞു.

മന്ത്രിമാരായ വി. ശിവൻകുട്ടി, കെ. രാജൻ, എ. കെ. ശശീന്ദ്രൻ, കെ. കൃഷ്ണൻകുട്ടി, വി. അബ്ദുറഹിമാൻ, എം. എൽ. എമാരായ കടകംപള്ളി സുരേന്ദ്രൻ, സി. കെ. ഹരീന്ദ്രൻ, കെ. ആൻസലൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. പ്രിയദർശിനി, തദ്ദേശവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, സെക്രട്ടറി ടി. വി. അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ്, ലൈഫ് സി.ഇ.ഒ. അപൂർവ ത്രിപാഠി, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

## കൊച്ചിൻ കാൻസർ സെന്ററിന് പുതിയ കെട്ടിടം : മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

കേരളത്തിന്റെ കാൻസർ ചികിത്സാ രംഗത്ത് ലോകോത്തര സൗകര്യങ്ങളുമായി കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ. ഉപകരണങ്ങൾ ഉൾപ്പെടെ 449 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിച്ചു. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ആമുഖ പ്രഭാഷണം നടത്തി.

കേരള സർക്കാരിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിതമായ ഒരു ആധുനിക കാൻസർ ചികിത്സാ ഗവേഷണ കേന്ദ്രമാണ് കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ. കാൻസർ രോഗികൾക്ക് ആധുനികവും ഗുണമേന്മയുള്ളതുമായ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കേന്ദ്രം സ്ഥാപിച്ചിരിക്കുന്നത്.

കളമശ്ശേരി മെഡിക്കൽ കോളേജ് ക്യാമ്പസിലെ 12.63 ഏക്കർ സ്ഥലത്ത് 63 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള 9 നില കെട്ടിടമാണ് കാൻസർ സെന്ററിനായി നിർമ്മിച്ചിരിക്കുന്നത്. 16 ലിഫ്റ്റുകൾ, അത്യാധുനിക ഓപ്പറേഷൻ തിയേറ്ററുകൾ, 550 കാറുകൾക്ക് പാർക്കിങ് തുടങ്ങിയ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സങ്കീർണ്ണമായ ശസ്ത്രക്രിയകൾക്കായി സജ്ജീകരിച്ച 12



ഓപ്പറേഷൻ തിയേറ്ററുകളുണ്ട്.

സ്കാനിങ്, എക്സറേ, റേഡിയേഷൻ തുടങ്ങിയവയ്ക്ക് ഏറ്റവും അത്യാധുനികമായ ഉപകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഇപ്പോൾ ആവശ്യമായിട്ടുള്ള വൈദ്യുതി പൂർണമായും സോളാർ സംവിധാനത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. 2050 ൽ കേരളം പൂർണമായും കാർബൺ ന്യൂട്രൽ ആവുക എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതിനു കൂടി സഹായകമാകുന്ന ഒരു ഗ്രീൻ ബിൽഡിങ് ആണ് കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ.

## മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് അതിവേഗം മുന്നേറാൻ കഴിഞ്ഞു, മന്ത്രി എം.ബി. രാജേഷ്

സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ വലിയ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളതെന്ന് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. കഴിഞ്ഞ പത്ത് വർഷങ്ങളിൽ നടപ്പിലാക്കിയ നേട്ടങ്ങളും മാറ്റങ്ങളും വിശദീകരിച്ച് തിരുവനന്തപുരത്ത് നടത്തിയ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾ കേന്ദ്ര



സർക്കാരിന്റെ സാമ്പത്തിക സർവേയിൽ വരെ പ്രത്യേക പരാമർശം നേടിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ മാലിന്യമലകൾ നീക്കം ചെയ്ത് 70 ഏക്കറോളം ഭൂമിയാണ് സർക്കാർ ഇതിനകം വീണ്ടെടുത്തത്. ഉറവിട മാലിന്യ സംസ്കരണം നിലനിർത്തിക്കൊണ്ട് ബ്രഹ്മപുരം ഉൾപ്പെടെയുള്ള പ്ലാന്റുകൾ സ്ഥാപിക്കാനായി. ആറുമാസത്തിനുള്ളിൽ കേരളം സാനിട്ടറി വേസ്റ്റ് സംസ്കരണത്തിൽ പൂർണ്ണത കൈവരിക്കുമെന്ന് മന്ത്രി പറഞ്ഞു.

## പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ക്രിയേറ്റീവ് കോർണർ പദ്ധതിക്ക് തുടക്കം

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ ചരിത്രത്തിൽ പുതിയൊരു അധ്യായം കുറിച്ചുകൊണ്ട് 'ക്രിയേറ്റീവ് കോർണർ' പദ്ധതിയുടെയും 'ക്രിയേറ്റീവ് ഫെസ്റ്റ് 2026'-ന്റെയും സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി.ശിവൻകുട്ടി തിരുവനന്തപുരത്ത് നിർവഹിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പ്, സമഗ്ര ശിക്ഷാ കേരളം, കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്) എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.



പഠനവും തൊഴിലും തമ്മിലുള്ള ദൂരം കുറയ്ക്കുക എന്ന മഹത്തായ ലക്ഷ്യമാണ് ഈ പദ്ധതിയിലൂടെ സാക്ഷാത്കരിക്കപ്പെടുന്നതെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. ആദ്യഘട്ടത്തിൽ മുന്നൂറും രണ്ടാം ഘട്ടത്തിൽ മറ്റൊരു മുന്നൂറും വിദ്യാലയങ്ങളിലുമായി ആകെ 600 സ്കൂളുകളിൽ ക്രിയേറ്റീവ് കോർണറുകൾ പ്രവർത്തിക്കും. ഇത്തരത്തിലുള്ള വിദ്യാലയങ്ങളിൽ പഠന പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾ നിർമ്മിച്ച ഉൽപ്പന്നങ്ങളും അവർ നേടിയെടുത്ത വൈദഗ്ധ്യവും പ്രദർശിപ്പിക്കാൻ ലഭിക്കുന്ന മികച്ച വേദിയാണ് ഈ ക്രിയേറ്റീവ് ഫെസ്റ്റ്.

# ദേശീയ പരിസ്ഥിതി സമ്മേളനം



- ഹരിതകേരളം മിഷന്റെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും നെറ്റ് സിറോ കാർബൺ കേരളവും. ഡോ. ടി.എൻ. സീമ (കോർഡിനേറ്റർ, നവകേരളം കർമപദ്ധതി), എബ്രഹാം കോശി (അസിസ്റ്റന്റ് കോർഡിനേറ്റർ, ഹരിതകേരളം മിഷൻ)



- നാളെയുടെ പരിസ്ഥിതിക്കായി യുവത, എ.എ. റഹിം (രാജ്യസഭാംഗം)



- കാലാവസ്ഥാ വ്യതിയാനവും കാർഷിക മേഖലയും - കേരളത്തിന്റെ പശ്ചാത്തലത്തിൽ - ഡോ. പ്രദീപ്കുമാർ റ്റി. (മുൻ വി.സി, KUFOS)




- വൻകിട സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് സോളാർ/വിൻഡ് എനർജി: നയപരമായ പ്രശ്നങ്ങൾ, അനുഭവം പങ്കിടൽ - ഡോ. ആർ. ഹരികുമാർ (ഡയറക്ടർ, EMC)



- ഗതാഗത മേഖലയിലെ കാർബൺ ബഹിർഗമനം കുറയ്ക്കൽ - കേരളത്തിന്റെ അനുഭവം - ഡോ. പി.എസ്. പ്രമോജ് ശങ്കർ IOFS, CMD, KSRTC



- ജലമേഖലയിലെ വെല്ലുവിളികൾ : വെള്ളപ്പൊക്കവും വരൾച്ചയും -തന്ത്രങ്ങളും അനുഭവം പങ്കുവയ്ക്കലും - ബിനോയ് ടോമി ജോർജ്ജ് (ചീഫ് എഞ്ചിനീയർ, ജലവിഭവ വകുപ്പ്)




- കാലാവസ്ഥാ വ്യതിയാനവും ദുരന്തങ്ങളും - ഡോ. ആർ അജയകുമാർ വർമ്മ (റിട്ട. സയിന്റിസ്റ്റ് NCESS)



- സാമ്പത്തിക മേഖലയിലെ പാരിസ്ഥിതിക നീതിയും സുസ്ഥിര കൃഷിക്കായുള്ള സാമ്പത്തിക സഹായവും ആഗോള സാമ്പത്തിക പിന്തുണയും - പാർശ്വവൽകൃത സമൂഹങ്ങളിൽ ചെലുത്തുന്ന സ്വാധീനം - ഡോ. വി. ശിവദാസൻ (രാജ്യസഭാംഗം)



- മനുഷ്യ-വന്യജീവി സംഘർഷം - സംരക്ഷണം നേരിടുന്ന പ്രതിസന്ധികൾ - ഡോ. പ്രമോദ് ജി. കൃഷ്ണൻ IFS (ചീഫ് വൈൽഡ് ലൈഫ് വാർഡൻ)

ഹരിതകേരളം ദേശീയ പരിസ്ഥിതി സമ്മേളനം 2026
2026 ഫെബ്രുവരി 23-25 തിരുവനന്തപുരം

# രണ്ട് വേദികളിലായി നടന്ന അവതരണങ്ങൾ



- മാധ്യമങ്ങളും പരിസ്ഥിതിയും - വെങ്കിടേഷ് രാമകൃഷ്ണൻ (മാനേജിംഗ് എഡിറ്റർ, AIDEM)



- പരിസ്ഥിതി പുനഃസ്ഥാപനത്തിലെ പ്രായോഗിക മാതൃകകൾ - അനുഭവം പങ്കുവയ്ക്കൽ - ഐ.ബി. സതീഷ് എം.എൽ.എ. (കാട്ടാക്കട, തിരുവനന്തപുരം) |



- പരിസ്ഥിതി പുനഃസ്ഥാപനത്തിലെ പ്രായോഗിക മാതൃകകൾ - അനുഭവം പങ്കുവയ്ക്കൽ - കെ. അനിൽകുമാർ (കൺവീനർ, മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനഃസംയോജന പദ്ധതി)



- ഹരിതഗൃഹ വാതകം - അക്കൗണ്ടിംഗും നെറ്റ് സീറോ ക്യാമ്പയിനും , - സുനീൽ പമിഡി IFS (ഡയറക്ടർ, പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും)



- .ജലഗുണനിലവാര പ്രശ്നങ്ങൾ മലിനജല-ജൈവമാലിന്യ നിർമ്മാർജ്ജനം - അനുഭവങ്ങളും പ്രതിസന്ധികളും - ഡോ. എൻ. സി. നാരായണൻ, (പ്രൊഫസർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ബോംബെ)



- ജലസേചനത്തിനും ജലസംരക്ഷണത്തിനും ഹരിത ഊർജ്ജം - അനുഭവവും സാധ്യതകളും, - പ്രിയേഷ് ആർ. (ചീഫ് എഞ്ചിനിയർ, IDRB)



- പരിസ്ഥിതി പ്രവർത്തനങ്ങൾക്കായി ജനങ്ങളെ സംഘടിപ്പിക്കൽ അദ്ധ്യക്ഷൻ: ജസ്റ്റിൻ മോഹൻ IFS (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഫോറസ്റ്റ് ലാന്റ് & റിസോഴ്സസ്)



- ഹരിത ആവാസവ്യവസ്ഥ - സാധ്യതകളും പ്രതിബന്ധങ്ങളും അദ്ധ്യക്ഷ. ഡോ. ശൈലജ നായർ (റിട്ട. പ്രൊഫസർ, ആർക്കിടെക്ചർ വിഭാഗം, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം)



വിഷയം - വായു - ജല ഗുണനിലവാരം - നിരീക്ഷണവും പരിഹാരവും - രോഹിത് ജോസഫ്, (ഡയറക്ടർ, Tags Forum, ആലപ്പുഴ)

## ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു

ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയുടെ (ഐആർഐഎ) ഉദ്ഘാടനം ഫെബ്രുവരി 25ന് രാവിലെ 10 മണിക്ക് കണ്ണൂർ കല്ല്യാട് ഐആർഐഎ ക്യാമ്പസിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. കെ.കെ. ശൈലജ ടീച്ചർ സ്വാഗതം ആശംസിച്ച ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിച്ചു.

കണ്ണൂരിലെ കല്ല്യാടിലുള്ള 300 ഏക്കർ വിസ്തൃതിയിലുള്ള സ്ഥലത്ത് ആദ്യഘട്ട നിർമ്മാണം പൂർത്തിയായി. രാജ്യത്തിന് തന്നെ മാതൃകയായ ഈ ബൃഹത്തായ സ്ഥാപനത്തിന്റെ ആദ്യഘട്ടം 200 കോടി രൂപ ചെലവഴിച്ചാണ് സജ്ജമായിരിക്കുന്നത്. 100 കിടക്കകളുള്ള ഗവേഷണ ആശുപത്രിയും ഔഷധസസ്യ ഗവേഷണ കേന്ദ്രവും നഴ്സറിയും താളിയോല പഠന കേന്ദ്രവുമാണ് ആദ്യഘട്ടത്തിൽ സജ്ജമാവുന്നത്. ആയുർവേദത്തിന്റെ ശാസ്ത്രീയ മഹത്വവും പ്രായോഗിക പ്രയോജനങ്ങളും ഗവേഷണത്തിലൂടെ ലോക സമൂഹവുമായി പങ്കുവെക്കുന്ന ഈ കേന്ദ്രം നാടിന്റെ അഭിമാനമാണ്. ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ കേരളം ലോകത്തിന് നൽകുന്ന മികച്ച സംഭാവന കൂടിയാണ്. താളിയോലകൾ ഉൾപ്പെടെയുള്ള പരമ്പരാഗത അറിവുകൾ ഭാവി തലമുറയ്ക്ക് വേണ്ടി സംരക്ഷിക്കുന്നു. ആയുർവേദ രംഗത്തെ മികച്ച രാജ്യാന്തര ഗവേഷണ കേന്ദ്രമായിരിക്കുമിത്. ലോകത്തെ പല ആരോഗ്യ സ്ഥാപനങ്ങളും ഗവേഷണവുമായി സഹകരിക്കും.

ആയുർവേദ ഗവേഷണത്തിലെ സുപ്രധാന മേഖലകൾ ലക്ഷ്യമിട്ട് ഡിപ്പാർട്ട്മെന്റ് ഓഫ് ആയുർവേദിക് ബയോളജി ആൻഡ് ട്രാൻസ്ലേഷണൽ ആയുർവേദ, ഡിപ്പാർട്ട്മെന്റ് ഓഫ് മെഡിസിനൽ പ്ലാന്റ്സ് ആൻഡ് നാച്ചുറൽ പ്രൊഡക്ട്സ്, ഡിപ്പാർട്ട്മെന്റ് ഓഫ് ട്രാൻസ്ലേഷണൽ ഡ്രഗ് റിസർച്ച്, ക്ലിനിക്കൽ എപ്പിഡെമിയോളജി, ഡിപ്പാർട്ട്മെന്റ് ഓഫ് ക്ലിനിക്കൽ ആൻഡ് പബ്ലിക് ഹെൽത്ത് റിസർച്ച്, ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് ഹെറിറ്റേജ്, മ്യൂസിയം ആൻഡ് മാനുസ്ക്രിപ്റ്റ്സ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഐ.സി.ടി സർവീസസ് എന്നീ വിഭാഗങ്ങൾ ഐആർഐഎയിൽ പ്രവർത്തിക്കും.

## മെൻസ്ട്രുവൽ കപ്പ് വിതരണം മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു

പാലക്കാട് തൃത്താല ബ്ലോക്ക് ഗവ.കോളേജ് തൃത്താലയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് മെൻസ്ട്രുവൽ കപ്പ് വിതരണം നടത്തി. തൃത്താല ഗവ. കോളേജ്, എൻ.എസ്.എസ്. കോളേജ് പറക്കുളം തുടങ്ങിയ വിദ്യാഭ്യാസ



സ്ഥാപനങ്ങൾക്കും മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ ഹരിത കർമസേന അംഗങ്ങൾക്കുമാണ് കപ്പ് വിതരണം നടത്തിയത്. പരിപാടിയുടെ ഭാഗമായി 25 സെന്റ് സ്ഥലത്ത് പുതിയതായി 300 വൃക്ഷ തൈകൾ നട്ട് ഓർമ്മതുരുത്ത് ആരംഭിച്ചു. കോളേജ് പ്രിൻസിപ്പൽ എ.ജയകൃഷ്ണൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ പി.സൈതലവി തുടങ്ങിയവർ പങ്കെടുത്തു.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ശിലാസ്ഥാപനം മുഖ്യമന്ത്രി നിർവഹിച്ചു

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷന്റെ ശിലാ സ്ഥാപനം കോഴിക്കോട് ചേവായൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിച്ചു. മന്ത്രി പി.എ. മുഹമ്മദ് റിയാസ്, എം.കെ. രാഘവൻ എം.പി തുടങ്ങിയവർ പങ്കെടുത്തു.

കിഫ്ബി വഴി 643.88 കോടി രൂപ ചെലവഴിച്ചാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ സജ്ജമാക്കുന്നത്. അവയവം മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ടുള്ള ചികിത്സ, അധ്യാപനം, പരിശീലനം, ഗവേഷണം, അവയവദാന പ്രവർത്തനങ്ങൾ തുടങ്ങിയവ എല്ലാം സാധ്യമാകുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ. അവയവങ്ങൾക്ക് കേടുപാട് വന്നവരുടെ ചികിത്സ മുതൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും പുനരധിവാസവും വരെയുള്ള സമഗ്ര പരിചരണം സാധ്യമാക്കുന്ന തരത്തിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്.

## കോട്ടയം മെഡിക്കൽ കോളേജിൽ 283.60 കോടി രൂപയുടെ പദ്ധതികൾ

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ 283.60 കോടി രൂപയുടെ പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. 1200 കോടി രൂപയുടെ വികസന പദ്ധതികളാണ് മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയത്. സംസ്ഥാനത്ത് ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമാക്കി. ഇന്ത്യയിൽ ആദ്യമായി ഒറ്റ ദിവസം ഹൃദയം, ശ്വാസകോശം, വൃക്ക എന്നിങ്ങനെ 3 പ്രധാന അവയവങ്ങൾ മാറ്റിവയ്ക്കുന്ന ആദ്യ സർക്കാർ ആശുപത്രിയായി കോട്ടയം മെഡിക്കൽ കോളേജ് മാറി. ഉദ്ഘാടനം ചെയ്ത പ്രധാന വികസന പദ്ധതികൾ: സർജിക്കൽ ബ്ലോക്ക്, മെയിൻഗേറ്റ്, കാത്ത്ലാബ്,



സ്ലൈസ് സിടിസ്കാൻ, സ്കിൻബാങ്ക്, പാരാ മെഡിക്കൽ ഹോസ്റ്റൽ, നവീകരിച്ച ഒ.പി, മദർ ന്യൂബോൺ കെയർ യൂണിറ്റ്, കോമ്പ്രിഹെൻസീവ് ലാക്ടേഷൻ മാനേജ്മെന്റ് സെന്റർ, ക്രഷ്, പുതിയ ടോയ്ലറ്റ് ബ്ലോക്ക്.

# ദേശീയ പരിസ്ഥിതി സമ്മേളനം : പാരിസ്ഥിതിക നയരേഖ പ്രഖ്യാപിച്ചു

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തലസ്ഥാന നഗരിയിൽ നടന്ന ദേശീയ പരിസ്ഥിതി സമ്മേളനത്തിന് ആവേശകരമായ പര്യവസാനം. കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ നടന്ന സമാപന സമ്മേളനം സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. കെ രവിരാമൻ ഉദ്ഘാടനം ചെയ്തു. പ്രകൃതി സംരക്ഷണവും വികസനവും കൈകോർക്കുന്ന നവകേരള മാതൃക രാജ്യത്തിന് തന്നെ വഴികാട്ടിയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

സമ്മേളനത്തിന്റെ ഭാഗമായി നടന്ന വിവിധ സാങ്കേതിക സെഷനുകളിലും പാനൽ ചർച്ചകളിലും ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് 'പാരിസ്ഥിതിക നയരേഖ' തയ്യാറാക്കി. വരുംകാലങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളിൽ ഈ നിർദ്ദേശങ്ങൾ ഏകോപിപ്പിക്കുമെന്നും പരിസ്ഥിതി സൗഹൃദ വികസനത്തിന് ഇത് മുൻഗണന നൽകുമെന്നും സമ്മേളനം പ്രഖ്യാപിച്ചു. ശുചിത്വം, മാലിന്യസംസ്കരണം, കാലാവസ്ഥാ വ്യതിയാനം, കൃഷി, നെറ്റ് സീറോ കാർബൺ കേരളം തുടങ്ങി, രണ്ട് സമാന്തര വേദികളിൽ 18 സെഷനുകളിലായി അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളിലെ പ്രധാന ആശയങ്ങളാണ് ഈ നയരേഖയ്ക്ക് ആധാരമായത്.



സമാപന സമ്മേളനത്തിൽ നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോഡിനേറ്റർ ഡോ. ടി. എൻ. സീമ അധ്യക്ഷയായി. എൻ.സി.ഇ.എസ്.എസ്. റിട്ട. ശാസ്ത്രജ്ഞൻ ഡോ. ആർ. അജയകുമാർ വർമ്മ തുടർ പ്രവർത്തന സാധ്യതകളെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിച്ച് സംസാരിച്ചു. ആദിത്യ വർഗീസ് സീഡ്സ് ഇന്ത്യ, വികാസ് നിമേഷ് അസിസ്റ്റന്റ് പ്രൊഫസർ ഐഐടി ഡൽഹി, അഡ്മിനിസ്ട്രേ



റ്റീവ് ഓഫീസർ ശ്രീമതി ഇന്ദു എസ്, ഹരിതകേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ ശ്രീമതി ഹരിപ്രിയ ദേവി എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

ലിസിപ്രിയ കാങ്ങുജം, രിധിമ പാണ്ഡേ, പ്രസിദ്ധി സിങ് തുടങ്ങിയ ആഗോള യുവ പരിസ്ഥിതി പ്രവർത്തകരുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായ 'യൂത്ത് ഫോർ ടുമോറോസ് എൻവയോൺമെന്റ്' സെഷനും, കണ്ണൂരിലെ കാനാമ്പുഴ അരിയും വിആർ ഷോകളും അണിനിരന്ന പ്രദർശന നഗരിയും സമ്മേളനത്തിന് മാറ്റുകൂട്ടി. കഴിഞ്ഞ പത്തു വർഷത്തെ കേരളത്തിന്റെ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളുടെ വിജയഗാഥ വരും തലമുറയ്ക്കായി കരുതിവെക്കണമെന്ന ആഹ്വാനത്തോടെയാണ് സമ്മേളനം അവസാനിച്ചത്.

# കണ്ണൂർ സെൻട്രൽ ജയിലിൽ; തണ്ണിമത്തൻ വിളവെടുപ്പ്

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ കണ്ണൂർ സെൻട്രൽ ജയിലിൽ ആരംഭിച്ച തണ്ണിമത്തൻ കൃഷിയുടെ വിളവെടുപ്പിന് തുടക്കം. മികച്ച വിളവാണ് ജയിൽ വളപ്പിലെ കൃഷിയിടത്തിൽ നിന്ന് ലഭിച്ചത്. വിളവെടുപ്പ് ഉദ്ഘാടനത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 115 കിലോ തണ്ണിമത്തൻ ശേഖരിച്ചു. പച്ചക്കറി കൃഷിയിലും മികച്ച മുന്നേറ്റമാണ് കണ്ണൂർ സെൻട്രൽ ജയിൽ കാഴ്ചവയ്ക്കുന്നത്. ഈ വർഷം ഇതുവരെ ആറ് ടൺ ചീരയാണ് ജയിലിൽ ഉൽപ്പാദിപ്പിച്ചത്. 4 ടൺ കൂടി ഉൽപ്പാദിപ്പിച്ച് ആകെ 10 ടൺ എന്ന ലക്ഷ്യത്തിലേക്ക് എത്താനാണ് അധികൃതർ ഒരുങ്ങുന്നത്.



# ക്ലൈമറ്റ് റെസിലിയന്റായി മറയൂർ കരിമ്പ് : കർഷകർക്ക് പുതിയ പ്രതീക്ഷയാകുന്നു

ദേശീയ പരിസ്ഥിതി സമ്മേളനത്തിന്റെ സമാപന വേദിയിൽ അതിഥികൾക്ക് നൽകിയ ഒരു ചെറിയ സ്നേഹസമ്മാനം വലിയൊരു അതിജീവനത്തിന്റെ കഥയാണ് ലോകത്തോട് വിളിച്ചു പറയുന്നത്.




പരിസ്ഥിതി സമ്മേളനത്തിന്റെ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്ത ആസൂത്രണ ബോർഡ് അംഗം ഡോ. കെ. രവിരാമന് ഉപഹാരമായി നൽകിയത് മറയൂരിലെ കർഷകർ സുസ്ഥിര കരിമ്പ് കൃഷിയിലൂടെ വിളയിച്ചെടുത്ത മറയൂർ ശർക്കരയായിരുന്നു. കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ ഹരിതകേരളം മിഷൻ മറയൂർ മണ്ണിൽ പരീക്ഷിച്ചു വിജയിച്ച 'ക്ലൈമറ്റ് റസീലിയന്റ്' കൃഷിരീതിയുടെ സാക്ഷ്യപത്രമായിരുന്നു ആ സമ്മാനം.

ഒരുകാലത്ത് ആയിരത്തോളം ഹെക്ടറിൽ സമൃദ്ധമായിരുന്ന മറയൂരിലെ കരിമ്പ് കൃഷി ഇന്ന് കേവലം മുന്നൂറ് ഹെക്ടറിലേക്ക് ചുരുങ്ങിയിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം, ഉൽപ്പാദന

ച്ചെലവിലെ വർദ്ധനവ്, രൂക്ഷമായ ജലക്ഷാമം എന്നിവ മൂലം കർഷകർ ഈ മേഖലയിൽ നിന്ന് അകന്നുപോകുമ്പോഴാണ് ഹരിതകേരളം മിഷൻ മറയൂരിൽ അവതരിപ്പിച്ച സുസ്ഥിര കരിമ്പ് കൃഷി (Sustainable Sugarcane Initiative - SSI) പുതിയ പ്രതീക്ഷയായത്.

ശാസ്ത്രീയ രീതികളും പരിചരണവും വഴി വിളവ് 30 ടണ്ണിൽ നിന്ന് 60 ടണ്ണായി ഉയരുന്നതായും ഉൽപാദനച്ചെലവും അധ്വാനവും പകുതിയായി കുറഞ്ഞതായും പരീക്ഷണഘട്ടത്തിൽ തന്നെ വ്യക്തമായി. വളം, വെള്ളം, എന്നിവയുടെ ആവശ്യകത പകുതിയായി കുറഞ്ഞതും സവിശേഷത കൃഷി രീതികളും കാരണം മണ്ണിലെ കാർബൺ ശേഖരണം വർധിക്കുകയും ചെയ്യുന്നു. വിളവിന്റെ വർധന മാത്രമല്ല; കാർബൺ സംഭരണ ശേഷി കൂട്ടുന്ന കാലാവസ്ഥാ പ്രതിരോധ മാതൃക കൂടിയാണിത്.

## പരിസ്ഥിതി കാഴ്ചകളുമായി ഹരിതകേരളം മിഷൻ സമ്മേളന നഗരി;
# ജനശ്രദ്ധയാകർഷിച്ച് പ്രദർശന സ്റ്റാളുകൾ

ദേശീയ പരിസ്ഥിതി സമ്മേളനത്തിന് വേദിയായ തിരുവനന്തപുരം കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്റർ പരിസ്ഥിതി സൗഹൃദ കാഴ്ചകളുടെയും വേറിട്ട വിഭവങ്ങളുടെയും സംഗമഭൂമിയായി. ഹരിതകേരളം മിഷൻ കഴിഞ്ഞ പത്തുവർഷമായി സംസ്ഥാനത്ത് നടപ്പിലാക്കിയ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയൊരുക്കുന്ന പ്രദർശന-വിപണന സ്റ്റാളുകൾ സന്ദർശകരുടെ തിരക്കുകൊണ്ട് ശ്രദ്ധേയമായി. പാരിസ്ഥിതിക മേഖലയിലെ അത്യാധുനിക സാങ്കേതിക വിദ്യകളും വനവിഭവങ്ങളും സമന്വയിപ്പിച്ചാണ് എക്സിബിഷൻ ഒരുക്കിയത്.

രണ്ട് പതിറ്റാണ്ടിന് ശേഷം തിരുവനന്തപുരം പിരപ്പമൺകാട് പാടശേഖരത്തിൽ പുനരാരംഭിച്ച കൃഷിയിലൂടെ വിളയിച്ചെടുത്ത 'പിരപ്പമൺകാട്' അരിയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുമായിരുന്നു പ്രദർശനത്തിലെ പ്രധാന താരം. ഇടുക്കി കട്ടമുടി വനമേഖലയിൽ നിന്നുള്ള ബ്രാൻഡഡ് അരിയും വിപണനത്തിനുണ്ടായിരുന്നു. മറയൂർ ട്രൈബൽ സൊസൈറ്റിയുടെ മറയൂർ ശർക്കര, കാട്ടുതേൻ തുടങ്ങിയ വനവിഭവങ്ങൾ വാങ്ങാനും വൻ തിരക്കാണ് അനുഭവപ്പെട്ടത്. പ്ലാസ്റ്റിക്കിന് ബദലായി എറണാകുളം ഭൂമി സ്ത്രീ കൂട്ടായ്മ ഒരുക്കിയ പാഴ്ത്തുണി മൂല്യ വർധിത ഉൽപ്പന്നങ്ങളും തുണി ബാഗുകളും സന്ദർശകർക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നു.








വിനോദവും അറിവും സമന്വയിപ്പിക്കുന്ന വിആർ (Virtual Reality) ഷോകളായിരുന്നു പ്രദർശനത്തിന്റെ മറ്റൊരു പ്രത്യേകത. ഇടുക്കി ഡാമിന്റെയും പവർഹൗസിന്റെയും ദൃശ്യാനുഭവം നൽകുന്ന കെ.എസ്.ഇ.ബി.യുടെ വിആർ ഷോയും, നെയ്യാർ-മലമ്പുഴ ഡാമുകളുടെ വിശേഷങ്ങൾ പങ്കുവെക്കുന്ന ജലസേചന വകുപ്പിന്റെ വിആർ ഷോയും സന്ദർശകർക്ക് പുതിയ അനുഭവമായി. ഭൂഗർഭ ജല വകുപ്പിന്റെ സേവനങ്ങൾ, ഡബ്ല്യു.ആർ.ഐ (WRI) ഇന്ത്യയുടെ ഹരിതോർജ്ജ പവലിയൻ, ടൈറ്റാനിയത്തിന്റെ ഹരിത സൗഹൃദ സ്ഥാപന മാതൃകകൾ എന്നിവയും ശ്രദ്ധേയമായിരുന്നു. കെ.എസ്.ആർ.ടി.സി. ഒരുക്കിയ ലിങ്ക് ബസ്സിന്റെ ഫോട്ടോ പോയിന്റിൽ തിരക്ക് ഏറുകയായിരുന്നു.

മലിനജല ശുദ്ധീകരണത്തിനുള്ള അത്യാധുനിക സാങ്കേതിക വിദ്യകൾ, സാനിറ്ററി വെൻഡിംഗ് മെഷീനുകൾ, മലിനീകരണതോത് അളക്കുന്ന സംവിധാനങ്ങൾ എന്നിവയെല്ലാം പ്രദർശിപ്പിച്ചിരുന്നു. വീട്ടിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ സൗജന്യമായി നന്നാക്കി നൽകുന്ന വടകര ഹരിത കർമ്മസേനയുടെ ഹെൽപ്പ് ഡെസ്കും ഡബ്ല്യുആർഐ ഇന്ത്യയുടെ ഹരിതോർജ്ജ പവലിയനും പ്രദർശനത്തിനുണ്ടായിരുന്നു.



ടീം ഹരിതകേരളം മിഷൻ

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Archana Shaji, Young Professional | Vivek Vinod, Technical Assistant |
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246